**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1773** **05.02.2019 ൽ മറുപടിയ്ക്ക്**

## ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വാഹനങ്ങൾ മുഖേനയുണ്ടാകുന്ന മലിനീകരണം കുറയ്ക്കുന്നതിനായി ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) | ഉണ്ട്. സുസ്ഥിര പരിസ്ഥിതി സംരക്ഷണം മുൻനിർത്തി ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനും ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ സമഗ്രമായ ഒരു ഇ.വി. പോളിസി തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരു കരട് പോളിസി സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങൾ കേരളത്തിൽ തന്നെ ഉത്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യതകളാണ് സർക്കാർ പരിശോധിക്കുന്നത്. ഇതിനായി വിദേശ കമ്പനികൾ ഉൾപ്പെടെയുള്ളവരുമായി പ്രാരംഭ ചർച്ചകൾ നടത്തി വരുന്നു. സംസ്ഥാനത്തെ പ്രമുഖ എഞ്ചിനീയറിംഗ് കോളേജുകളുമായി ബന്ധപ്പെട്ട് ഇലക്ട്രിക് വാഹനങ്ങൾ സംബന്ധിച്ച ഗവേഷണങ്ങൾ നടത്തുന്നതിനുള്ള സാധ്യതകളും പരിഗണിക്കുന്നുണ്ട്. ഇലക്ട്രിക് വാഹന നിർമ്മാണത്തിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കെൽട്രോൺ, കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്, കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾക്കാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിനായുള്ള ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനുള്ള ഉത്തരവാദിത്തം കെ.എസ്.ഇ.ബി യെ ഏൽപ്പിക്കുന്നതിനും പദ്ധതിയുണ്ട്. ഇപ്രകാരം ഇലക്ട്രിക് വാഹന മേഖലയിൽ സാങ്കേതിക രംഗത്ത് സംസ്ഥാനത്തിന് ഒരു കുതിച്ചു ചാട്ടം ഉണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പുതിയ സാഹചര്യം പ്രസ്തുത കമ്പനികൾക്ക് സാമ്പത്തികമായും നേട്ടമുണ്ടാക്കാൻ പര്യാപ്തമാണ്. അടിക്കടിയുണ്ടാകുന്ന ഇന്ധന വില വർദ്ധനവിന്റെ സാഹചര്യത്തിൽ, ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് ഭാവിയിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിരത ഉറപ്പുവരുത്തുന്നതിനും സഹായിക്കും. കൂടാതെ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ആർ.ടി.സി ക്കും, സ്വകാര്യ ബസുടമകൾക്കും ഇ-ബസുകളുടെ ഉപയോഗം |

| | | | |
|---|---|---|---|
| | | | സാമ്പത്തിക നേട്ടം കൈവരിക്കുന്നതിന് സഹായിക്കും. |
| (ബി) | ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് ജനങ്ങൾക്കിടയിൽ അവബോധമുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകാമോ? | (ബി) | പൊതു ഗതാഗത സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഒരു പരിധി വരെ പൊതുജനങ്ങൾ ഉൾപ്പെടെയുള്ളവരുടെ കൂട്ടായ പരിശ്രമം വഴി മാത്രമേ സാധിക്കുകയുള്ളൂ. ഇതിനായി മാധ്യമങ്ങളിലൂടെയും, മറ്റും ബോധവൽക്കരണം നടത്തുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പരിശ്രമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ